**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5824** **16-03-2023 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പരാതി പരിഹാര സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ജസ്റ്റിസ് വർമ്മ കമ്മീഷൻ നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി പരാതി പരിഹാര സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | (എ) ഉണ്ട്. 2013 ലെ POSH Act (Prevention, Prohibition, Redressal) അനുസരിച്ച് തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് വേണ്ടി സംസ്ഥാനത്തെ പത്തിൽ കൂടുതൽ ജീവനക്കാർ ഉള്ള എല്ലാ ഗവൺമെന്റ്/ സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റിയും ജില്ലാ തലത്തിൽ ലോക്കൽ കമ്മിറ്റിയും രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം രൂപീകരിക്കുന്ന കമ്മിറ്റിയുടെ വിവരങ്ങളും റിപ്പോർട്ടും വനിതാ ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച POSH Act Compliance Portal-ൽ (web address: posh.wcd.kerala.gov.in) രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം പരാതി പരിഹാര സെല്ലുകൾ സ്വകാര്യ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | (ബി) ഉണ്ട്. 2013 ലെ POSH Act ( Prevention, Prohibition, Redressal) അനുസരിച്ച് തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് വേണ്ടി സംസ്ഥാനത്തെ പത്തിൽ കൂടുതൽ ജീവനക്കാർ ഉള്ള എല്ലാ ഗവൺമെന്റ്/ സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റിയും ജില്ലാ തലത്തിൽ ലോക്കൽ കമ്മിറ്റിയും രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം രൂപീകരിക്കുന്ന കമ്മിറ്റിയുടെ വിവരങ്ങളും റിപ്പോർട്ടും വനിതാ ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച POSH Act Compliance Portal-ൽ (web address: posh.wcd.kerala.gov.in) രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | സ്വകാര്യ മേഖലയിൽ ഇത്തരം പരാതി പരിഹാര സെല്ലുകൾ രൂപീകരിക്കുന്നതിനായി എന്തെങ്കിലും പ്രോട്ടോക്കോൾ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | (സി) സ്വകാര്യ മേഖലയിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ഉത്തരവാദിത്തം അതാത് സ്ഥാപന മേധാവികളിൽ നിക്ഷിപ്തമാണ്. സ്ഥാപന ഉടമ സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയൻസ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റി രൂപീകരിച്ചതിന് ശേഷം POSH Act Compliance Portal -ൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ